प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മെയ് 31, 2019

**മഹാരാഷ്ട്ര, മുംബൈയിലെ ദി സികെപി സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ**

മഹാരാഷ്ട്ര, മുംബൈയിലെ ദി സികെപി സഹകരണ ബാങ്ക് ലിമിറ്റഡിനെ, ആർബിഐ യുടെ 2014 ഏപ്രിൽ 30-ലെ ഉത്തരവുപ്രകാരം, 2014 മേയ് 2 മുതൽ നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. തുടർന്നുള്ള ഉത്തരവുകളിലൂടെ, ഈ നിർദ്ദേശങ്ങളുടെ സാധുത ദീർഘിപ്പിച്ചിരുന്നു. ഏറ്റവും അവസാനം 2019 ഫെബ്രുവരി 26-ലെ ഉത്തരവിൻപ്രകാരം, ഈ നിർദ്ദേശങ്ങൾക്ക്, പുനരവലോകനത്തിനു വിധേയമായി, 2019 മെയ് 31 വരെ പ്രാബല്യമുണ്ടായിരുന്നു.

പൊതുജനങ്ങളുടെ അറിവിലേക്കായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഇതിനാൽ ഉത്തരവിടുന്നതെന്തെന്നാൽ, 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, സബ്സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 എന്നിവപ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന ബാങ്കിനെതിരെ 2014 ഏപ്രിൽ 30-ലെ ഉത്തരവിൻപ്രകാരം പുറപ്പെടുവിച്ചതും, കാലാകാലങ്ങളിൽ ഭേദഗതിചെയ്തതും, സാധുത 2019 മെയ് 31 വരെ ദീർഘിപ്പിച്ചതുമായ നിയന്ത്രണ നിർദ്ദേശങ്ങൾ, പുനരവലോകനത്തിനുവിധേയമായി, 2019 മെയ് 30-ലെ ഉത്തരവിൻപ്രകാരം, 2019 ജൂൺ 01 മുതൽ, 2019 ജൂൺ 30 വരെ ഒരുമാസക്കാലത്തേക്കുകൂടി ദീർഘിപ്പിച്ചിരിക്കുന്നു എന്നാണ്.

മുകളിൽ പറഞ്ഞ ദീർഘിപ്പിക്കൽ രേഖപ്പെടുത്തിയ, 2019 മെയ് 30-ലെ ഉത്തരവിന്റെ ഒരു കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാനായി, ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

മുകളിൽ കാണിച്ചിട്ടുള്ള ദീർഘിപ്പിക്കലിനേയും, ഭേദഗതിയേയും, സഹകരണ ബാങ്കിന്റെ സാമ്പത്തികസ്ഥിതിയിൽ എന്തെങ്കിലും മെച്ചപ്പെടൽ ഉണ്ടായിട്ടുള്ളതായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യക്ക് ബോദ്ധ്യം വന്നതിനാലാണെന്ന് കരുതേണ്ടതില്ല.

**അജിത് പ്രസാദ്**
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2832.**